# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4073 — 03.02.2014-ൽ മറുപടിക്ക്

## ലാഭേച്ഛ രഹിത ആതുരസേവനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. എം. ഉമ്മർമാസ്റ്റർ :<br>,, കെ. എം. ഷാജി :<br>,, കെ. മുഹമ്മദുണ്ണി ഹാജി :<br>,, എൻ. ഷംസുദ്ദീൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സിസേറിയൻ പ്രസവങ്ങൾ വർദ്ധിച്ചു വരുന്നതിനെക്കുറിച്ചുള്ള അന്വേഷണ നടപടി സംബന്ധിച്ച വിവരം വ്യക്തമാക്കാമോ ; | (എ) | സർക്കാർ ആശുപത്രികളിൽ സിസേറിയൻ കുറയ്ക്കുന്നതിലേയ്ക്കായി 2012 നവംബർ മാസത്തിൽ 40-ൽ കൂടുതൽ സിസേറിയൻ നടത്തിയ ഡോക്ടർമാരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. 171 ഡോക്ടർമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി. ഇതിൽ 73 പേർ മറുപടി നൽകിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ രേഖാമൂലമുള്ള വിശദീകരണം ശേഖരിച്ചുവരുന്നു. ജില്ലാ തലത്തിൽ അവലോകന യോഗങ്ങളിൽ സിസേറിയൻ നിരക്കിനെ സംബന്ധിച്ച കണക്കുകൾ വിലയിരുത്തുകയും ജില്ലാ തല ഓഫീസർമാർ പ്രസവം നടക്കുന്ന ആശുപത്രികൾ സന്ദർശിച്ച് കൂടുതൽ സിസേറിയൻ ചെയ്യുന്ന ഡോക്ടർമാരുമായി നേരിട്ട് ആശയവിനിമയം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ സിസേറിയൻ നിരക്ക് കുറയ്ക്കണമെന്ന സർക്കാർ നിർദ്ദേശം നടപ്പിലാക്കി വരുന്നു. |
| (ബി) | ഇക്കാര്യത്തിൽ എ.പി.എൽ, ബി.പി.എൽ ഘടകം എന്തെങ്കിലും പങ്ക് വഹിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ; | (ബി) | ഇല്ല. |
| (സി) | ചികിത്സാ രംഗത്ത് നിലനിൽക്കുന്ന ഇത്തരം പ്രവണതകൾ തടയുന്നതിനും ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിൽ നിന്നും ലാഭേച്ഛ കൂടാതെയുള്ള സേവനം ജനങ്ങൾക്ക് ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | സർക്കാർ ആശുപത്രികളിലെ സിസേറിയൻ നിരക്ക് നിയന്ത്രിക്കുന്നതിനു വേണ്ടി ഗർഭകാല പരിചരണവും പ്രസവശുശ്രൂഷയുമായി ബന്ധപ്പെട്ട് വിശദമായ ഗൈഡ്ലൈനുകൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി) നം. 1791/2011/ആ.ക.വ, തീയതി 07.05.2011 ഇറക്കിയിട്ടുണ്ട്. പ്രസവമെടുക്കുന്ന ആശുപത്രികളിലെ ഡോക്ടർമാർക്ക് ഇതനുസരിച്ചുള്ള പരിശീലനങ്ങളും നൽകുകയുണ്ടായി. സിസേറിയൻ നിരക്ക് സംബന്ധിച്ച കാര്യങ്ങൾ ആശുപത്രി തലത്തിലും, ജില്ലാ തലത്തിലും, ഡയറക്ടറേറ്റ് തലത്തിലും എല്ലാ മാസവും വിലയിരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ